തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രോത്സവത്തിന്റെ ഭാഗമായി ഇന്ന് പുലർച്ചെ പൂക്കോത്ത് നടയിലേക്ക് നടന്ന എഴുന്നള്ളിപ്പ് ഫോട്ടോ: ചന്ദ്രൻ മാവിച്ചേരി

കീഴാറ്റൂർ വയൽ സർവ്വേ: തൃച്ചംബരം ഉത്സവം കഴിയുന്നതുവരെ മാറ്റിവച്ചു

തളിപ്പറമ്പ: സർവ്വേ സന്നാഹങ്ങളുമായി കീഴാറ്റൂർ വയലിൽ ദേശീയപാത ബൈപ്പാസിനായി സർവ്വേ നടത്താനുള്ള ദേശീയപാത അതോറിറ്റിയുടെ തീരുമാനം മാറ്റി. ഇന്ന് രാവിലെ ഭൂമി അളന്ന് അതിരിടാനായിരുന്നു തീരുമാനം. വയൽ സംരക്ഷിക്കാൻ വയൽക്കിളികൾ രാപ്പകൽ സമരം നടത്തുന്ന സ്ഥലമാണിത്. വയൽക്കിളികളുടെ സമരത്തിന് ബി.ജെ.പി പിന്തുണ നൽകുമെന്ന് അറിയിച്ചിരുന്നു. പുറത്ത് നിന്നുള്ളവർ വന്നാൽ തടയുമെന്ന് സി.പി.എം പ്രഖ്യാപിച്ച സ്ഥിതിക്ക് സംഘർഷ സാധ്യത കണക്കിലെടുത്താണ് തൽക്കാലം സർവ്വേ നടപടി മാറ്റിവച്ചത്. തൃച്ചംബരം ഉൽസവം നടക്കുന്ന സമയമായതിനാൽ കീഴാറ്റൂരിൽ ഉണ്ടാകുന്ന പോലീസ് നടപടിയും തുടർ സംഘർഷവും നഗരത്തിലേക്ക് കൂടി ബാധിക്കാൻ സാധ്യതയുണ്ടെന്ന് പോലീസ് രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിലാണ് മാർച്ച് 20ന് ശേഷം സർവ്വേ നടത്താൻ തീരുമാനിച്ചതും ഇന്നത്തെ നടപടികൾ ഉപേക്ഷിച്ചതും.

തൃച്ചംബരത്ത് ചൂതാട്ടവും മദ്യപാനവും; അഞ്ചുപേർ പിടിയിൽ

തളിപ്പറമ്പ: തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്ര ഉത്സവത്തിന് കൊടിയേറ്റുന്ന വേളയിൽ ക്ഷേത്ര റോഡരികിലെ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിൽ ചൂതാട്ടത്തിലേർപ്പെട്ട അഞ്ചു പേരെ എസ്.എച്ച്.ഒ പി.കെ. സുധാകരന്റെ നേതൃത്വത്തിൽ പോലീസ് അറസ്റ്റ് ചെയ്തു. തൃച്ചംബരം സ്വദേശികളായ ചാലിൽ വളപ്പിൽ ശ്രീജിത്ത് (36), പുല്ലാഞ്ഞി രാകേഷ് (38), പുതിയവീട്ടിൽ ഹരിദാസൻ (43), പുതിയമഠത്തിലെ വളപ്പിൽ ഷിജു (34), കൊട്ടിലയിലെ തച്ചൻ ശരത്ത് കൃഷ്ണൻ (31) എന്നിവരെയാണ് പോലീസ് പിടികൂടിയത്. മദ്യപിച്ച് കൊണ്ട് ചീട്ടുകളിയിലേർപ്പെട്ട ഇവരിൽ നിന്ന് 8600രൂപ പിടികൂടിയിട്ടുണ്ട്. തൊട്ടപ്പുറത്ത് ഉത്സവം നടക്കുമ്പോഴാണ് പട്ടാപകൽ റോഡരികിലെ കെട്ടിടത്തിൽ പരസ്യ മദ്യപാനവും ചൂതാട്ടവും നടത്തിയത്. പരിസരവാസികൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പോലീസ് റെയ്ഡ് നടത്തിയത്.

മൃതദേഹം കാണാനെത്തിയ വയോധികൻ കുഴഞ്ഞ് വീണ് മരിച്ചു

ശ്രീകണ്ഠപുരം: മൃതദേഹം കാണാൻ ഇരിക്കൂറിലെ വീട്ടിലെത്തിയ ആൾ കുഴഞ്ഞ് വീണ് മരിച്ചു. ചെങ്ങളായി പരിപ്പായിലെ പരേതനായ കല്ലോത്ത് അബ്ദുള്ളയുടെ മകൻ കുറുമാത്തൂർ പൊക്കുണ്ടിൽ താമസിക്കുന്ന പി.പി.അഹമ്മദ് (64) ആണ് മരിച്ചത്. ഇന്നലെ രാത്രി ഇരിക്കൂറിലെ മരണ വീട്ടിലെത്തിയ അഹമ്മദ് കുഴഞ്ഞു വീഴുകയായിരുന്നു. ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഭാര്യ: കുഞ്ഞാത്തുമ്മ. മക്കൾ: സാജിദ്, സജിൽ, സജിൻ, സജിന. മരുമക്കൾ: അഷ്റഫ്, അസിമ, സമീമ, സുഫൈറ. സഹോദരങ്ങൾ: കുഞ്ഞിമൊയ്തീൻ, ഹമീദ്, ഹസൻ, ഖദീജ, ആത്തിക്ക, കുഞ്ഞാമി, സബിയ, മറിയം, സുബൈദ.

ചരമം

നാരായണൻ

തളിപ്പറമ്പ: ചവനപ്പുഴ ഗവ. എൽ.പി സ്കൂളിന് സമീപത്തെ കയരളവന് നാരായണൻ (76) നിര്യാതനായി. ഭാര്യ: ദേവി. മക്കൾ: അനിത, ബൈജു, ജിഷ. മരുമക്കൾ: വിനോദ് (ചവനപ്പുഴ), ജ്യോതി, ശിവദാസൻ (മസ്ക്കറ്റ്).

മൊയ്തീൻകുട്ടി

മുയ്യം: ബാവുപ്പറമ്പിലെ കെ. പി.മൊയ്തീൻകുട്ടി (85) നിര്യാതനായി. മക്കൾ: മുഹമ്മദ് ഷാഫി (ബിസിനസ്), ഷാഹിദ, സുമയ്യ. മരുമക്കൾ: അബൂബക്കർ (ദമാം), അബ്ദുൾനാസർ. സഹോദരങ്ങൾ: അബൂബക്കർ (അരിയിൽ), കെ.പി.കുഞ്ഞാമത്, ആസ്യ.

ആലിക്കുഞ്ഞി

നടുവിൽ: കിഴക്കേ കവലയിലെ റിട്ട. ഹെൽത്ത് അസി. പള്ളക്കന്റകത്ത് ആലിക്കുഞ്ഞി (70) നിര്യാതനായി. ഭാര്യ: വണ്ണത്താൻ വളപ്പിൽ പുതിയപുരയിൽ റുഖിയ. മക്കൾ: സംസാരത്ത്, ഫാത്തിമ (ജാസി-സ്റ്റാഫ് എയർറോസിസ് കോളേജ്, തളിപ്പറമ്പ), ബുഷറ (അധ്യാപിക, നിടിയേങ്ങ ഗവ. യു.പി.എസ്). മരുമക്കൾ: എം.നൗഷാദ് അലി (ദേശാഭിമാനി ലേഖകൻ ആലക്കോട്), ഷംസുദ്ദീൻ (എസ്. ആർ തളിപ്പറമ്പ), എൻ.ടി.റിയാസ് (ആർമി). സഹോദരങ്ങൾ: ജബ്ബാർ (പാപ്പിനിശേരി), മറിയം (തളിപ്പറമ്പ), അബ്ദുൾസലാം, അബ്ദുൾമജീദ് (ഇരുവരും ചെങ്ങളായി), സെക്കീന (തളിപ്പറമ്പ), പരേതനായ അബു (മാങ്കടവ്).

റാഹേൽ

നടുവിൽ: മണ്ടളത്തെ പരേതനായ ആടുകാലിൽ മത്തായിയുടെ ഭാര്യ റാഹേൽ (89) നിര്യാതയായി. പത്തനാപുരം മോളയിൽ കുടുംബാംഗമാണ്. മക്കൾ: ജേക്കബ്, ജോയി, മോൻസി, ലില്ലി. മരുമക്കൾ: മേരി തെറ്റാലിയിൽ (അടയ്ക്കാത്തോട്), മോളി കാവിൽ പുരയിടത്തിൽ (പുലിക്കുരുമ്പ), ബാബു കീഴറ്റയിൽ (മാനന്തവാടി), മാത്യു മുട്ടത്തിൽ (പുലിക്കുരുമ്പ).

സൈമൺ

ആലക്കോട്: ഉദയഗിരി അരിവിളഞ്ഞ പൊയിലിലെ പറകൊട്ടിയേൽ സൈമൺ വർഗീസ് (74) നിര്യാതനായി. ഭാര്യ: കുറ്റിപ്പുഴ വാക്കയിൽ വട്ടുകുളത്ത് കുടുംബാംഗം പരേതയായ ഏലിയാമ്മ. മക്കൾ: ബിജു, ബീന, ബിനോയ്, സന്തോഷ്. മരുമക്കൾ: സാബു പൊരിയത്ത് (കോഴിച്ചാൽ), ജാസ്മിൻ (ഇടുക്കി). സംസ്കാരം നാളെ വൈകുന്നേരം മൂന്ന് മണിക്ക് അരിവിളഞ്ഞ പൊയിൽ സെന്റ് തോമസ് പള്ളിയിൽ.

സൈനബ

ആലക്കോട്: രയരോം മുന്നിലെ കാളീരകത്ത് അഷ്റഫിന്റെ ഭാര്യ സൈനബ (42) നിര്യാതയായി. കൂട്ടാപറമ്പ് സ്വദേശിനിയാണ്. മക്കൾ: ഖദീജ, ആബിദ, അലി (അഡ്സ്റ്റാർ, പൂവ്വം), മുയീന. മരുമക്കൾ: ഹംസക്കുട്ടി (ജീവനക്കാരൻ, നടുവിൽ സഹകരണ ബാങ്ക് കരുവഞ്ചാൽ ബ്രാഞ്ച്), കബീർ (കരുവഞ്ചാൽ)

ബൈക്ക് വൈദ്യുതി തൂണിലിടിച്ച് യാത്രികന് പരിക്ക്

ആലക്കോട്: ബൈക്ക് നിയന്ത്രണം വിട്ട് റോഡരികിലെ വൈദ്യുതി തൂണിലിടിച്ച് സാരമായി പരിക്കേറ്റ നിലയിൽ വെള്ളാട് പള്ളിക്കവല സ്വദേശി എം.ബേബി (55)യെ മംഗലാപുരത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ വൈകുന്നേരം അമ്മംകുളത്താണ് അപകടം.

ബുക്ക് സ്റ്റാൾ കുത്തി തുറന്ന് കവർച്ച; പ്രതികളെ കുടുക്കിയത് നിരീക്ഷണ ക്യാമറ

മുയിൽ: കണ്ണാടിപ്പറമ്പ് സ്കൂളിന് സമീപത്തെ പി.വി. ശശിധരന്റെ പി.വി.എസ്. ബുക്ക് സ്റ്റാളിൽ നടന്ന കവർച്ചാ കേസിൽ മൂന്ന് യുവാക്കളെ മുയിൽ എസ്.ഐ പി. ബാബുമോൻ അറസ്റ്റ് ചെയ്തു. കണ്ണാടിപ്പറമ്പ് നിടുവാട്ട് സ്വദേശി തച്ചിറക്കൽ വീട്ടിൽ ടി. തൻസീർ (20), കക്കാട് സ്വദേശി തങ്ങൾ വളപ്പിൽ ഹൗസിൽ ജസീർ (19), കണ്ണാടിപ്പറമ്പ് പാറപ്രം സ്വദേശി തോളന്റവിട ഹൗസിൽ അർഷാദ് (20) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ മാസം പത്തിന് പുലർച്ചെയാണ് പ്രതികൾ ബുക്ക് സ്റ്റാൾ കുത്തിത്തുറന്ന് മോഷണം നടത്തിയത്. മോഷണത്തിന് ഉപയോഗിച്ച കമ്പി, പാര, ചുറ്റിക എന്നിവയും ബൈക്കും രണ്ട് ഹെൽമെറ്റുകളും പോലീസ് കസ്റ്റഡിയിലെടുത്തു. സമീപത്തെ ഇതര സംസ്ഥാന തൊഴിലാളിയുടെ ബൈക്ക് മോഷ്ടിച്ചാണ് പ്രതികൾ കവർച്ചക്ക് പോയതെന്നും തെളിഞ്ഞു. പിടിയിലായവർക്ക് മറ്റ് കവർച്ച കേസുകളിൽ പങ്കുണ്ടോയെന്ന് പരിശോധിച്ചുവരികയാണ്. കണ്ണാടിപ്പറമ്പ് ഹൈസ്കൂളിന് മുന്നിലെ സി.സി.ടി.വി ക്യാമറ പരിശോധിച്ചപ്പോൾ മൂന്നുപേർ ഒരു ബൈക്കിൽ നിരവധി തവണ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതാണ് പ്രതികൾ പിടിയിലാകാൻ ഇടയാക്കിയത്.

മോഷ്ടാക്കൾ ഉപയോഗിച്ച ബൈക്ക്

അള്ളാംകുളം മഹമ്മൂദിന് മൊട്ടമ്മൽ രാമൻ-ശ്രീദേവി പുരസ്ക്കാരം

തളിപ്പറമ്പ: ഈവർഷത്തെ മൊട്ടമ്മൽ രാമൻ- ശ്രീദേവി പുരസ്ക്കാരം തളിപ്പറമ്പ നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദിന് നൽകാൻ തീരുമാനിച്ചു. മാതാപിതാക്കളുടെ സ്മരണാർത്ഥം പ്രവാസി വ്യവസായി മൊട്ടമ്മൽ രാജൻ ഏർപ്പെടുത്തിയതാണ് അവാർഡ്. പത്തിന് പുക്കോത്ത്നടയിൽ നടക്കുന്ന ചടങ്ങിൽ ചലച്ചിത്ര സംവിധായകൻ രാജസേനൻ പുരസ്കാരം വിതരണം ചെയ്യും.

മലബാറിലെ പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുക്കാൻ പിടിക്കുന്ന സി.ഡി.എം.ഇയുടെ സെക്രട്ടറി, ജാതി-മത ഭേദമില്ലാതെ പാവപ്പെട്ട രോഗികൾക്ക് ആശ്വാസം നൽകുന്ന സി.എച്ച്. സെന്ററിന്റെ സെക്രട്ടറി, നഗര ഭരണാധികാരി എന്നീ നിലകളിൽ നടത്തുന്ന മികച്ച പ്രവർത്തനം കണക്കിലെടുത്താണ് പുരസ്ക്കാരത്തിന് തിരഞ്ഞെടുത്തതെന്ന് ഭാരവാഹികൾ അറിയിച്ചു.

കാണാതായ യുവാവ് മരിച്ചനിലയിൽ

ആലക്കോട്: കാണാതായ യുവാവിനെ പുഴയോരത്ത് മരിച്ച നിലയിൽ കണ്ടെത്തി. മണക്കടവ് വായിക്കമ്പയിലെ പരിയാരത്ത് ജോബീഷാ (ജോമോൻ -32)ണ് മരിച്ചത്. മേസ്തിരി തൊഴിലാളിയായ ജോബീഷിനെ ഇന്നലെ വൈകുന്നേരം മുതൽ കാണാതായിരുന്നു. അന്വേഷണത്തിൽ കേരള കർണ്ണാടക അതിർത്തിയിലെ വായിക്കമ്പ പുഴയോരത്തായി തൂങ്ങിമരിച്ചനിലയിൽ ഇന്ന് രാവിലെ കണ്ടെത്തുകയായിരുന്നു. സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ജീവനൊടുക്കുകയായിരുന്നുവെന്നാണ് സംശയിക്കുന്നത്. ഗോപി- ഓമന ദമ്പതികളുടെ മകനാണ്. ഭാര്യ: ശുഭകുമാരി (കുറ്റൂർ). മക്കൾ: അനുശ്രീ, അനുനന്ദ. സഹോദരൻ: ജ്യോതീഷ്. ആലക്കോട് എസ്.ഐ ജോൺസൺ ഇൻക്വസ്റ്റ് നടത്തി. സംസ്കാരം നാളെ രാവിലെ പത്ത് മണിക്ക് വീട്ടുവളപ്പിൽ.

പയ്യന്നൂരിൽ 20 ഓളം പേർക്ക് ഭ്രാന്തൻ നായയുടെ കടിയേറ്റു; ജനം ഭീതിയിൽ

പയ്യന്നൂർ: പയ്യന്നൂരിന്റെ വിവിധ ഭാഗങ്ങളിൽ പേപ്പട്ടിയുടെ പരാക്രമം. ഇരുപതോളം പേർക്ക് കടിയേറ്റു. അന്നൂർ, പുതിയങ്കാവ്, കണ്ടോത്ത്, കോത്തായിമുക്ക്, പയ്യന്നൂർ എന്നീ പ്രദേശങ്ങളിലാണ് പേപ്പട്ടിയുടെ പരാക്രമമുണ്ടായത്. വീട്ടമ്മമാർ ഉൾപ്പെടെയുള്ളവരുടെ കാലുകൾ കടിച്ചു പറിച്ച നിലയിലാണ്.

അന്നൂരിലെ റിട്ട. അധ്യാപകൻ ബി.എം.ദാമോദരൻ (78), അനീഫ (46)പെരുമ്പ, ബദരീനാഥ് (എഴ്) കണ്ടോത്ത്, നാരായണി (80), കോത്തായമുക്ക്, ശ്വേത (25) പയ്യന്നൂർ, പങ്കജം (55) അന്നൂർ, സജി പീറ്റർ (42) പയ്യന്നൂർ, വി.വി.പത്മിനി (63) അന്നൂർ, കാർത്ത്യായനി (60)

ഭ്രാന്തൻ നായയുടെ കടിയേറ്റ വയോധികർ

പയ്യന്നൂർ, ജയലക്ഷ്മി (72) സിമി (22) പുതിയങ്കാവ്, അന്നൂർ, ഷീന (28) അന്നൂർ, ജാനകി (68) വെള്ളൂർ എന്നിവരെ പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ പ്രഥമ ശുശ്രൂഷ നൽകിയ ശേഷം കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഗുരുതരമായി കടിയേറ്റ വെള്ളൂരിലെ മാതി (78)നെ കോഴിക്കോട് മെഡി. കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവരുടെ മുഖം പേപ്പട്ടി കടിച്ചു പറിച്ച നിലയിലാണ്. വെള്ളൂരിലെ പാറു (70), കാങ്കോലിലെ ചന്ദ്രമതി (50) എന്നിവർക്കും കടിയേറ്റു. പയ്യന്നൂർ ഭാഗത്തുനിന്നുമാണ് പേപ്പട്ടി എത്തിയതെന്ന് നാട്ടുകാർ പറഞ്ഞു. പേപ്പട്ടിയെ പിടികൂടാൻ കഴിയാത്തത് നാട്ടുകാരെ ഭീതിയിലാക്കി. പേപ്പട്ടി ഓടുന്ന വഴിയിൽ കാണുന്നവരെയൊക്കെ കടിച്ചു കൊണ്ടിരിക്കുകയാണ്.

ഓട്ടോ ഡ്രൈവറുടെ മരണം; അന്വേഷണം തുടങ്ങി

പയ്യന്നൂർ: ടൗണിലെ ഓട്ടോ ഡ്രൈവറായ കാറമേൽ കള്ളുഷാപ്പിനടുത്ത് താമസിക്കുന്ന പി.വി. രജീഷ് (35) ആത്മഹത്യ ചെയ്യാനിടയായ സംഭവത്തെ കുറിച്ച് പയ്യന്നൂർ പോലീസ് അന്വേഷണം തുടങ്ങി. മരണകാരണം കണ്ടെത്തണമെന്നാവശ്യപ്പെട്ട് വീട്ടുകാർ നൽകിയ പരാതിയിലാണ് അന്വേഷണം.

കഴിഞ്ഞ മാസം 27ന് രാവിലെയാണ് കണ്ടോത്തുള്ള ജിംനേഷ്യം സെന്ററിൽ രജീഷിനെ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടത്. ഈ സ്ഥാപനത്തിന്റെ നടത്തിപ്പുകാരൻ കൂടിയാണ് രജീഷ്. അവിവാഹിതനായ രജീഷ് ആത്മഹത്യ ചെയ്യാൻ കാരണങ്ങളൊന്നുമില്ലെന്നാണ് വീട്ടുകാരും സുഹൃത്തുക്കളും പറയുന്നത്. രതീഷിന്റെ മൊബൈൽ ഫോൺ കേന്ദ്രീകരിച്ചാണ് അന്വേഷണം നടക്കുന്നത്. രജീഷ് മൂന്ന് മൊബൈൽ നമ്പറുകൾ ഉപയോഗിച്ചിരുന്നു. എന്നാൽ ഇതിലെ വാട്സ്ആപ്പ് ബ്ലോക്ക് ചെയ്ത നിലയിലാണെന്ന് പോലീസ് പറഞ്ഞു.

പെയിന്റിംഗ് തൊഴിലാളിയെ കാണാതായി

കുഞ്ഞിമംഗലം: പെയിന്റിംഗ് തൊഴിലാളിയായ യുവാവിനെ കാണാനില്ലെന്ന് പരാതി. കുഞ്ഞിമംഗലം തെക്കുമ്പാട്ടെ കുഞ്ഞമ്പുവിന്റെ മകൻ മാട്ടുമ്മൽ ഹൗസിൽ സി. രതീഷ് (39)ആണ് കാണാതായത്. കഴിഞ്ഞ 18ന് രാവിലെ പത്ത് മണിക്ക് വീട്ടിൽ നിന്നിറങ്ങിയതാണ്. പിന്നീട് തിരിച്ചെത്തിയിട്ടില്ല. വിവിധയിടങ്ങളിൽ അന്വേഷണം നടത്തിയെങ്കിലും കണ്ടെത്താനായില്ല. ഇതേ തുടർന്ന് സഹോദരൻ സി. രാജീവൻ നൽകിയ പരാതിയിൽ പയ്യന്നൂർ പോലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി.

80,000രൂപ സഹിതം അഞ്ചംഗ ചൂതാട്ട സംഘം പിടിയിൽ

കൊളവല്ലൂർ: വീടിനോട് ചേർന്ന പറമ്പിൽ പ്രത്യേകം തയ്യാറാക്കിയ ചൂതാട്ട കേന്ദ്രത്തിൽ നിന്ന് അഞ്ചുപേരെ കൊളവല്ലൂർ എസ്.ഐ ടി.വി. ധനഞ്ജയദാസും സംഘവും പിടികൂടി. കുന്നോത്ത് പറമ്പിലെ ചൂതാട്ട കേന്ദ്രം ഇന്നലെ രാത്രി റെയ്ഡ് ചെയ്താണ് വിളക്കോട്ടൂർ സ്വദേശികളായ മമ്മിഹാജി (62), പുതിയവീട്ടിൽ സന്തോഷ് (41), കുന്നോത്ത്പറമ്പിലെ കിണറുള്ള പറമ്പത്ത് നികേഷ് (37), കുനിയിൽവീട്ടിൽ വിനോദ്കുമാർ (44), എ.പി. ലിഗീഷ് (39) എന്നിവരെ പിടികൂടിയത്. ഇവരിൽ നിന്ന് 80,000രൂപ പോലീസ് കണ്ടെടുത്തു.

തളിപ്പറമ്പിൽ നാളെ രാവിലെ 6 മണി മുതൽ 1 മണി വരെ വൈദ്യുതി മുടങ്ങും

തളിപ്പറമ്പ: ലൈനിൽ അറ്റകുറ്റ പണി നടക്കുന്നതിനാൽ തളിപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന പുളിമ്പറമ്പ്, മാന്തങ്കുണ്ട്, പാളയാട്, ടൗൺ, ചെപ്പനൂൽ, കാക്കാഞ്ചാൽ, ഹൈവേ, തൃച്ചംബരം, കുഞ്ഞരയാൽ എന്നിവിടങ്ങളിൽ നാളെ രാവിലെ ആറ് മണി മുതൽ ഉച്ചക്ക് ഒരു മണി വരെ പൂർണ്ണമായും വൈദ്യുതി മുടങ്ങും.

സ്വർണ്ണം ഇന്നത്തെ വില

ഗ്രാമിന്: 2840
പവന് :22,720

പവിത്ര ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

ഇടത് സർക്കാർ അധികാരത്തിൽ വന്ന ശേഷം കണ്ണൂരിൽ നടന്നത് ഒമ്പത് രാഷ്ട്രീയ കൊലകൾ

തിരുവനന്തപുരം: ഇടത് സർക്കാർ അധികാരത്തിൽ വന്ന ശേഷം കണ്ണൂർ ജില്ലയിൽ ഒമ്പത് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ അറിയിച്ചു. സി.പി.എം, ബി.ജെ.പി, എസ്.ഡി.പി.ഐ പ്രവർത്തകരാണ് കൊല കേസുകളിൽ പ്രതികളെന്നും ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു.

ഷുഹൈബ് വധക്കേസിൽ സി.ബി.ഐ അന്വേഷണം ആവശ്യമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. അന്വേഷണം ശരിയായ ദിശയിലാണ് നടക്കുന്നത്. സി.ബി.ഐ അന്വേഷണം നടത്താമെന്ന് മന്ത്രി എ.കെ.ബാലൻ പറഞ്ഞിട്ടില്ല. ഫലപ്രദമായ അന്വേഷണം നടത്തുമെന്ന് മാത്രമാണ് പറഞ്ഞത്. കേസിൽ യു.എ.പി.എ ചുമത്തേണ്ട സാഹചര്യമില്ലെന്നും അദ്ദേഹം പറഞ്ഞു.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 118 RNI Reg.No.KER MAL/2007/22043